ഏർപ്പെടുന്ന സ്കൂളുകൾക്ക് വിത്ത്, വളം, കീടനാശിനി, കാർഷിക ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് ആയിരം രൂപ നൽകുന്നുണ്ട്. കൂടാതെ 25 സെന്റിൽ കൂടുതൽ സ്ഥലത്ത് കൃഷി ചെയ്യുന്ന സ്കൂളുകൾക്ക് ജനസേചനത്തിനായി കിണർ കുഴിക്കുന്നതിന് 6000 രൂപയും പമ്പ് സെറ്റ് സ്ഥാപിക്കുന്നതിന് 7500 രൂപയും നൽകുന്നുണ്ട്.

(ഇ) ഹരിത സംഘങ്ങളിലൂടെ 1999-2000-ൽ 800 കോടി രൂപ വില വരുന്ന 8 ലക്ഷം ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്;

(എഫ്) കഴിഞ്ഞ വർഷം 370 കോടി രൂപയുടെ പച്ചക്കറി ഉൽപ്പാദിപ്പിച്ചു.

(ജി) ഊർജ്ജിത പച്ചക്കറി വികസന പദ്ധതി നടത്തിപ്പിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം ലഭിക്കുന്നുണ്ട്.

(എച്ച്) യൂറോപ്യൻ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കിയിരുന്ന ഹോർട്ടികൾച്ചർ പദ്ധതിയുടെ കാലാവധി 31.12.99-ൽ അവസാനിച്ചു. കാലാവധി 31.3.2002 വരെ നീട്ടണമെന്ന് സംസ്ഥാന ഗവൺമെന്റിന്റെ ആവശ്യം കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്.

16 (*76) വായ്പാ നിക്ഷേപ അനുപാതം

ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പ്രവർത്തിക്കുന്ന കൊമേഴ്സ്യൽ ബാങ്കുകളിലെ വായ്പാ നിക്ഷേപ അനുപാതത്തിൽ ഉണ്ടായിരിക്കുന്ന അന്തരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വായ്പകൾക്കുവേണ്ടിയുള്ള അർഹമായ അപേക്ഷകളിൽ പോലും ബാങ്കുകൾ നിഷേധാത്മക സമീപനമാണ് കൈക്കൊള്ളുന്നതെന്ന പരാതി ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇവ പരിഹരിക്കുന്നതിന് എന്തു നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ.ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്.

(ബി)&(സി) ബാങ്കുകൾ വായ്പാപേക്ഷ നിരസിക്കുമ്പോൾ അതിനുള്ള കാരണം കാണിക്കേണ്ടതാണെന്ന് നിയമസഭയുടെ അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതി അഭിപ്രായപ്പെട്ടിട്ടുണ്ട്. അതിന്മേൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ വായ്പകൾ നൽകുന്ന കാര്യത്തിൽ ഉദാരമായ സമീപനം സ്വീകരിക്കണമെന്ന് റിസർവ് ബാങ്ക് മുഖേന ബാങ്കുകൾക്ക് ഇതിനകം നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ട്.

17 (*77) മണ്ഡരിരോഗ നിവാരണത്തിനായി നടപടി

ശ്രീ. പി.കെ. കുമാരൻ:
ശ്രീ. പി. രാഘവൻ:
ശ്രീ. എ. കണാരൻ
ശ്രീ. എൻ.ആർ. ബാലൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെങ്ങുകളെ ബാധിച്ച മണ്ഡരി രോഗനിവാരണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മണ്ഡരിരോഗം ഇല്ലാതാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾക്ക് ഫലപ്രാപ്തി കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ഈ രോഗം ബാധിച്ച എത്ര ശതമാനം തെങ്ങുകളെ രോഗവിമുക്തമാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; എത്ര ശതമാനം തെങ്ങുകളെയാണ് മണ്ഡരി രോഗം ബാധിച്ചിരുന്നത്;

(ഡി) മണ്ഡരി രോഗബാധയുടെ കാരണങ്ങളെക്കുറിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ രോഗബാധയുടെ കാരണം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഇ) രോഗബാധ തടയുന്നതിന് സർക്കാർ ഇതുവരെ എന്തു തുക ചെലവഴിച്ചു;

(എഫ്) ഇതിനായി കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) രോഗബാധമൂലം എന്തുതുകയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(എച്ച്) കേന്ദ്രസർക്കാരിൽ നിന്നും എന്തു തുകയുടെ സാമ്പത്തിക സഹായമാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുള്ളത്; ഇതു സംബന്ധിച്ച നിവേദനം കേന്ദ്രസർക്കാരിന് സമർപ്പിട്ടിട്ടുണ്ടോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) തെങ്ങിനെ ബാധിച്ചിട്ടുള്ള മണ്ഡരി കീടബാധയെ ഫലപ്രദമായി തടയുന്നതിന് ആവശ്യമായ നിയന്ത്രണമാർഗ്ഗത്തിന് രൂപം നൽകി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) മരുന്നുതളി പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു. മരുന്നുതളി പൂർത്തിയായാൽ മാത്രമേ ഫലപ്രാപ്തിയെക്കുറിച്ച് വിശകലനം നടത്താൻ സാധിക്കുകയുള്ളൂ.

(സി) ഉദ്ദേശം 26.81% തെങ്ങുകൾക്ക് ഏറ്റവും കൂടിയ തോതിലും, മിതമായും (സിവിയർ ആന്റ് മോഡറേറ്റ്) മണ്ഡരി കീടബാധ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. (സി.ഡി.സി. നടത്തിയ സർവേ റിപ്പോർട്ട് പ്രകാരം) എല്ലാ ജില്ലകളിലും മരുന്നുതളി നടന്നുകൊണ്ടിരിക്കുന്നു. 134.85 ലക്ഷം മണ്ഡരി ബാധ പിടിപെട്ട തെങ്ങുകളിൽ മരുന്നുതളി നടത്തിയിട്ടുണ്ട്. മരുന്നു തളിച്ച തെങ്ങുകളിൽ മണ്ഡരിബാധ വളരെ അധികം കുറഞ്ഞതായി അനുഭവപ്പെട്ടിട്ടുണ്ട്.

(ഡി) മണ്ഡരി രോഗബാധയല്ല. കീടബാധയാണ്. മണ്ഡരി അഥവാ, മൈറ്റ്സ്

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അസേറിയ ഗരിറോണസ് എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്നതുമായ സൂക്ഷ്മ ജീവികൾ മച്ചിങ്ങയുടെ മോടിനുള്ളിൽ ഇരുന്ന നീരുറ്റിക്കുടിക്കുന്നതുമൂലം മച്ചിങ്ങ കൊഴിഞ്ഞുപോകുകയും, ആക്രമണം അതിജീവിക്കുന്ന മച്ചിങ്ങകൾ വളരുമ്പോൾ വലിപ്പം കുറഞ്ഞതും കരപ്പൻ മാതിരിയുള്ള പാടുകൾ നിറഞ്ഞതുമാകുന്നു.

(ഇ) ഇതുവരെ 19.61 കോടി രൂപ മരുന്നുതളി നടത്തുന്നതിന് ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്.

(എഫ്) ലഭിച്ചിട്ടില്ല.

(ജി) നഷ്ടം കണക്കാക്കിവരുന്നു.

(എച്ച്) 100 കോടി രൂപയാണ് കേന്ദ്ര സഹായമായി ആവശ്യപ്പെട്ടിട്ടുള്ളത്. ഇതു സംബന്ധിച്ച നിവേദനവും പ്രോജക്ട് റിപ്പോർട്ടും കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

18 (*78) സംസ്ഥാനത്ത് തനതായി ഒരു റെയിൽവേ മേഖലയുടെ ആവശ്യം

ശ്രീ. എം.വി. ജയരാജൻ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേ വികസനത്തിന് ആക്കം വർദ്ധിപ്പിക്കാൻ സംസ്ഥാനത്തിന് തനതായി ഒരു റെയിൽവേ മേഖല ആവശ്യമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) 1997-ൽ സംസ്ഥാനത്തെ എല്ലാ എം.പി. മാരും പ്രത്യേക റെയിൽവേ മേഖല വേണമെന്ന ആവശ്യം ഉന്നയിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ ആവശ്യം കേന്ദ്ര സർക്കാർ നിരാകരിച്ചതായി അറിവുണ്ടോ; എങ്കിൽ കാരണം എന്ത്;

(ഇ) സംസ്ഥാനത്ത് തനതായി ഒരു റെയിൽവേ മേഖല എന്ന ആവശ്യത്തെ നിരാകരിക്കാനും പ്രത്യേക മേഖലയുടെ പ്രസക്തി ആക്കാനും ബാഗ്ലൂർ ആസ്ഥാനമായി രൂപീകരിക്കാൻ തീരുമാനിച്ചിരിക്കുന്ന ദക്ഷിണ പശ്ചിമ റെയിൽവേയിൽ കേരളത്തിന്റെ ഒരു ഭാഗം കൂടി ചേർക്കാൻ ശ്രമം നടന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടുവോ;

(എഫ്) എങ്കിൽ ഈ നീക്കത്തെ നിരുത്സാഹപ്പെടുത്താൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ;

(ജി) റെയിൽവേ മന്ത്രാലയം എല്ലാ വികസന പരിപാടികളും അനുവദിക്കുന്നത് മേഖകളുടെ അടിസ്ഥാനത്തിലായതിനാൽ സംസ്ഥാനത്തിന് തന

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[നക്ഷത്ര ചിഹ്നമിട്ട ചോദ്യം 17 (177) കാണുക]

മണ്ഡരി കീടബാധ നിയന്ത്രിക്കുന്നതിന് മരുന്നുതളി പദ്ധതിയ്ക്ക് രൂപം നൽകി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കീടബാധയേറ്റ തെങ്ങുകളിലെ മച്ചിങ്ങകളിൽ മരുന്നുതളിയ്ക്കുന്നതിന് കൃഷി വകുപ്പ് തെങ്ങൊന്നിന് 6 രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ 3 രൂപയും നൽകുന്നതാണ്. കൃഷിവകുപ്പ് 19.61 കോടി രൂപ ജില്ലകൾക്ക് നൽകിക്കഴിഞ്ഞു. മരുന്നുതളി ഊർജ്ജിതമായി നടന്നുവരുന്നു. ഉദ്ദേശം 36.06% മണ്ഡരിബാധിത തെങ്ങുകളിൽ മരുന്നുതളി പൂർത്തീകരിച്ചിട്ടുണ്ട്. തൃശ്ശൂർ, എറണാകുളം, പാലക്കാട്, ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിൽ മണ്ഡരിബാധ കൂടുതലായി കാണുന്നു.

മണ്ഡരി കീടബാധയെപ്പറ്റി പഠിക്കുന്നതിന് കേന്ദ്ര പഠന സംഘം സംസ്ഥാനത്ത് പര്യടനം നടത്തുകയുണ്ടായി. വിശദമായ വിവരങ്ങൾ കൃഷി വകുപ്പിൽ ലഭ്യമായിട്ടില്ല. കേന്ദ്ര സർക്കാരിൽ നിന്നും സി.ഡി.ബി പദ്ധതിയിൽ കഴിഞ്ഞ വർഷം നൽകിയ 96 ലക്ഷം രൂപയുടെ റിവാലിഡേഷൻ കിട്ടിയിട്ടുണ്ട്.

കേന്ദ്രപഠന സംഘത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുക യൊന്നും ഇതുവരെ കിട്ടിയിട്ടില്ല.

അനുബന്ധം II എ

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 6 (316) കാണുക]

(വായ്പാ രൂപ കോടിയിൽ)

വർഷം	കൃഷി	വ്യവസായം	പി.എം.ആർ.വൈ
1995-96	1051.00	527.00	72.41
1996-97	1281.00	846.00	85.24
1997-98	1534.00	808.00	79.48
1998-99	1927.00	913.00	91.93
1999-2000	1034.00	528.00	51.19
(1999 സെപ്തംബർ വരെ)			(ഡിസംബർ മാസംവരെ)

കുറിപ്പ്:

(1) വാണിജ്യ മേഖലയ്ക്ക് നൽകിയ വായ്പയുടെ കണക്ക് ലഭ്യമല്ല.

(2) ജെ. ആർ.വൈ. പദ്ധതിയ്ക്ക് ബാങ്ക് വായ്പ ലഭ്യമാകാറില്ല.

അനുബന്ധം II ബി

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 6 (316) കാണുക]

കേരളത്തിലെ ദേശസാത്കൃത ബാങ്കുകളുടെ ക്രെഡിറ്റ് ഡപ്പോസിറ്റ് റേഷ്യോ താഴ്ന്നു വരുന്ന സാഹചര്യത്തിൽ, അതിനെ മെച്ചപ്പെടുത്തുന്നതിനു വേണ്ടി പല നടപടികളും ഗവണ്മെന്റും സംസ്ഥാന ആസൂത്രണ ബോർഡും ചെയ്തു വരുന്നുണ്ട്. സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി മീറ്റിംഗ് കൂടുമ്പോൾ ബാങ്കുകളുടെ ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ വർദ്ധിപ്പിക്കേണ്ടുന്നതിന്റെ ആവ ശ്യകതയെക്കുറിച്ച് ബാങ്കുകളെ ബോദ്ധ്യപ്പെടുത്താറുണ്ട്. സംസ്ഥാന ആസൂ ത്രണ ബോർഡ് വൈസ് ചെയർമാൻ റിസർവ് ബാങ്ക് ഗവർണറുടെ ശ്രദ്ധയിലും ഇക്കാര്യം കൊണ്ടു വന്ന് സത്വരനടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടു ണ്ട്. കേരളത്തിലെ ബാങ്കുകളുടെ വായ്പാനിക്ഷേപാനുപാതം താഴ്ന്ന് വരുന്ന സാഹചര്യത്തിൽ അവയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകുവാൻ ഡി.ഡി. ആവാരി ചെയർമാനായി റിസർവ്വ് ബാങ്ക് ഒരു കമ്മിറ്റിയെ നിയോഗിച്ചു.

LIBRARY ARCHIVES Kerala Legislative Assembly